# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5167 — 30.06.2014-ൽ മറുപടിയ്ക്ക്

**സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം നിലവിൽ നടപ്പിലാക്കിക്കൊരിക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ; | എ) കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി പദ്ധതി, ഹരിതകേരളം പദ്ധതി, കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രൂവ്സ് ഇൻ വേമ്പനാട് & കണ്ണൂർ റീജിയൺസ്, , കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള വേമ്പനാട് തണ്ണീർത്തടത്തിലെ ജൈവവൈവി ദ്ധ്യ സംരക്ഷണ പദ്ധതി, വനമിത്ര അവാർഡ് വിതരണം, വനമിത്ര പുരസ്ക്കാര വിതരണം എന്നിങ്ങനെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിക്കൊ ണ്ട് താഴെപ്പറയും വിധം വനത്തിന് പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടുകൊ ണ്ട് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്നത്.<br><br>**ഒന്ന്- തൈവിതരണം.**<br><br>വനത്തിനുപുറത്തുള്ള ജൈവവൈവിധ്യം പരിപോഷിപ്പിക്കുന്നതിലേക്കായി സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, സന്നദ്ധസംഘടനകൾ, എൻ.എസ്.എസ്., |

എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിങ്ങനെയുള്ള വിദ്യാർത്ഥി സംഘടനകൾ മുഖേന തൈ വിതരണം നടത്തി വരുന്നു ണ്ട്. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവേ എന്നിവയുടെ ലഭ്യമായ സ്ഥലങ്ങളിലും, വഴിയോരങ്ങളിലും വൃക്ഷതൈകൾ നട്ട് പരിപാലിക്കുന്ന പ്രവർത്തനങ്ങളും സാമൂഹ്യ വന വൽക്കരണ വിഭാഗം നടത്തി വരുന്നു ണ്ട്.

<u>രണ്ട് - കാവ് സംരക്ഷണത്തിനും വികസനത്തിനുമുള്ള പദ്ധതികൾ</u>

സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വ്യാപിച്ചുകിടക്കുന്ന ജൈവവൈവിധ്യത്തിന്റെ തുരുത്തുകളായ കാവുകളെ സംരക്ഷിക്കുന്നതിലേക്കും, ടി കാവുകളെ സംരക്ഷിക്കുന്ന ഉടമകളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കുമായി വനം വകുപ്പ് ധനസഹായം നൽകി വരുന്നു ണ്ട്. കൂടാതെ, കാവു വികസനത്തിനുവേണ്ട വൃക്ഷത്തൈകളും സൗജന്യമായി നൽകിവരുന്നു ണ്ട്.

<u>മൂന്ന്- കണ്ട ൽക്കാട് സംരക്ഷണം</u>

വളരെയേറെ ജൈവവൈവിധ്യ സവിശേഷതകളുള്ള അതുല്യമായ ആവാസ വ്യവസ്ഥയായ കണ്ട ൽക്കാടുകളുടെ സംരക്ഷണവും, വികസനവും പ്രോത്സാഹിപ്പികുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥലം ഉടമകൾക്ക് ധനസഹായം നൽകിവരുന്നതോടൊപ്പം, കണ്ട ൽത്തൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്തുവരുന്നു.

**നാല്- കടലാമ സംരക്ഷണം**

കടലാമകൾ മുട്ടയിടാനെത്തുന്ന കടലോരങ്ങളിലെ അതിക്രമങ്ങൾ മൂലം, ടി മുട്ടകൾ വിരിയുന്നതിനും, കുഞ്ഞുങ്ങൾ തിരികെ കടലിലേക്കെത്തുന്നതിനും തടസ്സങ്ങളു ണ്ട ാകുന്നു ണ്ട്. ഇതിനു പരിഹാരമെന്ന നിലയിൽ കടലാമ സംരക്ഷണത്തിൽ താൽപര്യമുള്ള പൗരന്മാരെയും, സന്നദ്ധ സംഘടനകളെയും സഹകരിപ്പിച്ചുകൊ ണ്ട് കടലാമകളുടെ മുട്ടകളുടെ സംരക്ഷണത്തിനും, അവ ശേഖരിച്ച് വിരിയിച്ചശേഷം കുഞ്ഞുങ്ങളെ തിരികെ കടലിലേക്ക് സ്വതന്ത്രമാക്കുന്നതിനും 9 കടലോര ജില്ലകളിൽ ഇക്കൊല്ലംമുതൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു ണ്ട്.

**അഞ്ച് – പക്ഷി സംരക്ഷണം**

പക്ഷി സംരക്ഷണത്തിനുള്ള വിശദ പദ്ധതി തയ്യാറാക്കുന്നതിന്റെയും, വിവിധ ആവാസ വ്യവസ്ഥകളിലെ വിവിധതരം പക്ഷികളുടെ സാന്നിദ്ധ്യം, എണ്ണം എന്നിവ നിർണ്ണയിക്കുന്നതിന്റെയും ഭാഗമായി പക്ഷി സ്നേഹികളെയും, പരിസ്ഥിതി സംരക്ഷണ ഗ്രൂപ്പുകളെയും സഹകരിപ്പിച്ചുകൊ ണ്ട് ഇക്കൊല്ലം കേരളത്തിലെ എല്ലാ ജില്ലകളിലും, പക്ഷി സർവ്വേ നടത്തുകയുണ്ട ായി. ഇക്കാര്യത്തിലുള്ള വിശദമായ പദ്ധതി രൂപകൽപന നടത്തിവരുന്നു ണ്ട്. കൂടാതെ, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ, കോട്ടയം ജില്ലകളിൽ വെള്ളിമൂങ്ങ, മൈന, പ്രാവ്, വണ്ണാത്തിപുള്ള് എന്നിവയ്ക്ക് അനുയോജ്യമായ കൂടുകൾ നിർമ്മിച്ച് അർഹരായ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിരുന്നു. കൂടാതെ,

അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനായി പാളയം മാർക്കറ്റിലും, മറ്റും കൂടുകൾ നിർമ്മിച്ച് വിതരണം ചെയ്ത് സ്ഥാപിച്ചിട്ടുള്ളതാണ്.

**ആറ് - സ്വകാര്യഭൂമിയിലെ വൃക്ഷവൽക്കരണത്തിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതി**

സ്വകാര്യ ഭൂമിയിലെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനോടൊപ്പം, തടിയുൽപ്പാദനം, സ്വകാര്യ ഭൂമിയിലെ തടി ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിലേക്കും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനും, സഹായകരമാകുന്നതിലേക്കും, സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേക്കുമായി സ്വകാര്യ വ്യക്തികൾക്ക് ഈ പദ്ധതി മുഖേന ധനസഹായം നൽകിവരുന്നു ണ്ട്.

**ഏഴ്- വനമിത്ര പുരസ്കാരം, വനമിത്ര അവാർഡ് എന്നിവയുടെ വിതരണം**

പരിസ്ഥിതി സംരക്ഷണം, വീട്ടുവളപ്പിലെ വന-വൃക്ഷ സംരക്ഷണം, വനവൽക്കരണം, പരിസര ശുചീകരണം എന്നീ പ്രവർത്തന മേഖലകളിൽ നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾ, സംഘടനകൾ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വനമിത്ര അവാർഡ് നൽകിവരുന്നു ണ്ട്. കൂടാതെ, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും വനമിത്ര പുരസ്ക്കാരവും നൽകിവരുന്നു്. കൂടാതെ, പൊതുസ്ഥല ങ്ങളിലെ പ്രായമേറിയ വൃക്ഷങ്ങളുടെ

സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനായി 2010-11 വർഷത്തിൽ അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷാചരണത്തിന്റെ ഭാഗമായി ഓരോ ജില്ലയിലെയും ഏറ്റവും പ്രായമേറിയ വൃക്ഷങ്ങളെ തെരഞ്ഞെടുത്ത് "മരമുത്തശ്ശി" ആയി പ്രഖ്യാപിച്ച് ആദരിക്കുകയും ചെയ്യുന്നു.

**എട്ട്- എക്സ്റ്റൻഷൻ ആക്ടിവിറ്റീസ്**

പൊതുജനങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റിയുള്ള അവബോധം വളർത്തുന്നതിലേക്കായി സെമിനാറുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, ശിൽപശാലകൾ, പ്രകൃതി പഠന ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു ണ്ട്. പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങളുടെ ആഘോഷവും നടത്തിവരുന്നു ണ്ട്.

വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോള താപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും, വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ്- ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ഹരിതവൽക്കരണം എന്നിവ മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും സൃഷ്ടിച്ച് ജൈവവൈവി ദ്ധ്യ സംരക്ഷണം ഉറപ്പാക്കുകയെന്നതാണ് മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

## ഒൻപത് – ഹരിതശ്രീ പദ്ധതി

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

(Participatory Environment Action Plan – PEAP) - യിൽ ഉൾപ്പെടുത്തി ഇക്കൊല്ലം മുതൽ "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. "ഒരു മനുഷ്യന് ഒരു മരം" എന്ന സംരംഭത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഓരോ വ്യക്തിയും ഒരു മരമെങ്കിലും നടുന്നതും, തുടർന്ന് അതിനെ

പരിപാലിച്ച് അതിജീവനം ഉറപ്പുവരുത്തുന്നതും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതുകൊ ുദ്ദേശിക്കുന്നത്. ഇക്കൊല്ലത്തെ ലോക

പരിസ്ഥിതിദിനമായ ജൂൺ 5- ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് 19.55 ലക്ഷം വൃക്ഷത്തൈകൾ നട്ടുകൊള്ള "ഹരിതശ്രീ" - 2014 പദ്ധതി വമ്പിച്ച ജനശ്രദ്ധ നേടി. 10 ലക്ഷം വൃക്ഷത്തൈൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ജനപിന്തുണ ലഭ്യമായതിനെത്തുടർന്ന്, ലക്ഷ്യമിട്ടതിന്റെ ഇരട്ടിയോളം നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. "ഹരിതശ്രീ" എന്ന പദ്ധതിയെ തുടർന്ന് സ്ഥാപനവൽക്കരിക്കുവാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ ഹരിതാഭ വർദ്ധിപ്പിച്ചും, ജൈവവൈവിധ്യം പരിപോഷിപ്പിച്ചും, ആവാസ വ്യവസ്ഥ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ഹരിതശ്രീ യൂണിറ്റുകൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

ബി) വൈദേശിക ജനുസ്സുകളിൽപ്പെടുന്നതും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും യോജ്യമല്ലാത്തതുമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

ബി) വൈദേശിക ജനുസ്സുകളിൽപ്പെടുന്നതും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമല്ലാത്തതുമായ ഇനത്തിൽപ്പെട്ട വൃക്ഷങ്ങൾ സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന നിലിവൽ നട്ടുപിടിപ്പിക്കുന്നില്ല. വൈദേശിക ജനുസ്സുകളിൽപ്പെട്ട വൃക്ഷങ്ങൾ നടുന്നതുമൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നോ എന്നതിലേയ്ക്ക് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിരുന്നുവെങ്കിലും അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീയിനത്തിൽപ്പെട്ട വൈദേശിക ജനുസ്സുകൾ എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതായി തെളിഞ്ഞിട്ടില്ല.

സി) ഇല്ലായെങ്കിൽ അത്തരമൊരു പഠനം നടത്തുന്നതിന് വേണ്ട നടപടി കൈക്കൊള്ളുമോ ;

സി) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഇക്കാര്യത്തിൽ പഠനം നടത്തിയിരുന്നുവെങ്കിലും അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീയിനത്തിൽപ്പെട്ട വൈദേശിക ജനുസ്സുകൾ എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതായി തെളിഞ്ഞിട്ടില്ല. മാത്രവുമല്ല, അപ്രകാരമുള്ള വൈദേശിക ജനുസ്സുകളിൽപ്പെട്ട തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന ഉൽപ്പാദിപ്പിക്കുകയോ, വിതരണം നടത്തുകയോ, നട്ടുപിടിപ്പിക്കുകയോ ചെയ്യുന്നില്ല.

ഡി) സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് അനയോജ്യമല്ലാത്ത വൃക്ഷത്തൈകൾ സോഷ്യൽ ഫോറസ്ട്രി

ഡി) സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് അനയോജ്യമല്ലാത്ത വൃക്ഷത്തൈകൾ സോഷ്യൽ ഫോറസ്ട്രി പദ്ധതികളിലൂടെ നിലവിൽ നട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പദ്ധതികളിലൂടെ നട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമാകത്തക്കവണ്ണം പരമ്പരാഗതമായ ഫലവൃക്ഷ തൈകൾ വ്യാപകമായി നട്ടുപടിപ്പിക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ ; ഇല്ലായെങ്കിൽ അത്തരം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഇ) സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായ തൈകളും, പരമ്പരാഗതമായ ഫലവൃക്ഷ തൈകളും നട്ടുപടിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ